കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സാരഥികൾ

ശ്രീമതി. ചന്ദ്രിക കൃഷ്ണൻ

(പ്രസിഡന്റ്)

ശ്രീമതി. ഫൗസിയ ബഷീർ

(വൈസ് പ്രസിഡന്റ്)



ശ്രീ. പ്രദീപൻ. സി. പി

(സെക്രട്ടറി)

“എന്റെ ജീവിതമാണ് എന്റെ സന്ദേശം”

- മഹാത്മാഗാന്ധി

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

ശ്രീമതി. ആയിഷാബി
ചെയർ പേഴ്സൺ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി

ശ്രീമതി. ലക്ഷ്മി കേളു
ചെയർ പേഴ്സൺ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ശ്രീ. ജഷീർ പള്ളിവയൽ
ചെയർമാൻ, ആരോഗ്യം, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ശ്രീ. അബ്ദു റഹ്മാൻ
മെമ്പർ, കോട്ടത്തറ

ശ്രീ. ജോസ് പാറപ്പുറം
മെമ്പർ, വെങ്ങപ്പള്ളി

ശ്രീ. അരുൺദേവ്
മെമ്പർ, തൃക്കൈപ്പറ്റ

ശ്രീമതി. നസീമ ടീച്ചർ
മെമ്പർ, മേപ്പാടി

ശ്രീമതി. ഉഷാകുമാരി
മെമ്പർ, വൈത്തിരി

ശ്രീമതി. എൽസി ജോർജ്ജ്
മെമ്പർ, ചാരിറ്റി

ശ്രീ. രാഘവൻ സി അരണമല
മെമ്പർ, ചൂരൽമല

ശ്രീമതി. അസ്മ കെ കെ
മെമ്പർ, പടിഞ്ഞാറത്തറ

ശ്രീ. ഷിബു പോൾ
മെമ്പർ, തരിയോട്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

[ISO – 9001:2015 Certified)

2025 - 2026

സാമ്പത്തിക വർഷത്തെ

ബജറ്റ്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

2025-26 വർഷത്തെ ബജറ്റ് അവതരണം

ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകരേ,

2020 ഡിസംബർ മാസത്തിൽ അധികാരമേറ്റ ഭരണ സമിതിയുടെ അഞ്ചാമത്തേയും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ മുപ്പതാമത്തേതുമായ 2025-26 വർഷത്തെ ബജറ്റാണ് ഞാൻ അഭിമാന പൂർവ്വം നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഈ ഭരണ സമിതി നാളിതുവരെ നടപ്പിലാക്കിയ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു തുടർച്ചയാണ് ബജറ്റ് ലക്ഷ്യം വെയ്ക്കുന്നത്.

9 ഗ്രാമ പഞ്ചായത്തുകളും, 16 റവന്യൂ വില്ലേജുകളും ഉൾപ്പെട്ട 14 ബ്ലോക്ക് ഡിവിഷനുകളുള്ള കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ജനസംഖ്യ 2,00,474 (ഇരുപതിനായിരത്തി നാനൂറ്റി എഴുപത്തി നാല്) ആണ്. ആകെ ജനസംഖ്യയിൽ 15% പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരും, 6% പട്ടികജാതി വിഭാഗത്തിലുള്ളവരുമാണ്.

ലഭ്യമായ പരിമിത വിഭവങ്ങൾ കൃത്യതയോടെ വിവിധ മേഖലകൾക്ക് പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തെ മാത്രം അടിസ്ഥാനപ്പെടുത്തി നമ്മുടെ വികസന പദ്ധതിയും, വാർഷിക ബജറ്റും തയ്യാറാക്കിയാൽ അതൊരു അപൂർണ്ണ ബജറ്റായിരിക്കും എന്നതിനാൽ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന തുകയും എം.പി-എം.എൽ.എ ഫണ്ടുകളും സംസ്ഥാനാവിഷ്കൃത ഫണ്ടുകളും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തുകളിൽ നിന്നും സമാഹരിക്കാൻ കഴിയുന്ന ഫണ്ടുകളും സംയോജിപ്പിച്ച് സമഗ്രവും സമ്പൂർണ്ണവുമായ ഒരു ബജറ്റ് തയ്യാറാക്കാനാണ് ശ്രമിച്ചിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എല്ലാവർക്കും സമ്പൂർണ്ണഭവനം എന്നതാണ് ഈ വർഷം ബജറ്റിൽ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ എല്ലാവർക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യമേഖലയ്ക്കും, കാർഷിക ക്ഷീര മേഖലകളെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് കാർഷികക്ഷീര മേഖലയ്ക്കും ബജറ്റിൽ ഊന്നൽ നൽകുന്നുണ്ട്.

കഴിഞ്ഞ നാല് വർഷത്തെ അനുഭവ പാഠം ഉൾക്കൊണ്ടുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റെ വികസനത്തിന് പരമാവധി പരിഗണന നൽകി 2025-26 വർഷത്തെ ബജറ്റ് സമർപ്പിക്കുന്നു.

ആരോഗ്യമേഖല

വൈത്തിരി താലൂക്ക് ആശുപത്രി, തരിയോട് സി.എച്ച്.സി, മേപ്പാടി എഫ്.എച്ച്.സി എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ഡയാലിസിസ് സെന്ററിനും ഈവനിംഗ് ഒ.പി-യ്ക്കുമായി 2,27,11,000/- (രണ്ട് കോടി ഇരുപത്തി ഏഴ് ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) രൂപയും, പശ്ചാത്തല സംവിധാനമൊരുക്കുന്നതിനായി 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) രൂപയും വകയിരുത്തുന്നു.

ഉൽപാദന മേഖല

ഉൽപാദന മേഖലയിലെ സമഗ്രമായ വികസനത്തിന് 1,67,00,000/- (ഒരു കോടി അറുപത്തിയേഴ് ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തുന്നു.

പാൽ സബ്സിഡിയ്ക്ക് 29,00,000/- (ഇരുപത്തിയൊമ്പത് ലക്ഷം രൂപ മാത്രം) രൂപയും മൊബൈൽ വെറ്ററിനറി ക്ലിനിക്ക് 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയും കാലിത്തീറ്റ സബ്സിഡിയ്ക്ക് 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയും വകയിരുത്തുന്നു.

നെൽകൃഷി വ്യാപനം ലക്ഷ്യമിട്ട് നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് 35 ലക്ഷം രൂപയും വകയിരുത്തുന്നു.

സമ്പൂർണ്ണ ഭവന നിർമ്മാണം

ബ്ലോക്ക് പഞ്ചായത്തിലെ എല്ലാവർക്കും സുരക്ഷിതവും കെട്ടുറപ്പുള്ളതുമായ ഭവനം നൽകുന്ന സമ്പൂർണ്ണ ഭവന നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്. ആയതിന് വേണ്ടി ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലും പി.എം ജൻമൻ പദ്ധതിയിലും ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി ആകെ 8,80,07,810/- (എട്ട് കോടി എൺപത് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) രൂപ വകയിരുത്തുന്നു. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം നമുക്ക് സമീപ ഭാവിയിൽ തന്നെ കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

വനിതാ വികസനം

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ജനസംഖ്യയിൽ 51% സ്ത്രീകളാണെങ്കിലും സ്വയംതൊഴിൽ സംരംഭ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്വം കുറവാണ്. സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് സ്ത്രീകൾക്ക് മുന്നോട്ട് വരുവാനും, സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 63 ലക്ഷം രൂപ വികസനഫണ്ട്, ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയിൽ

നിന്നും വകയിരുത്തുന്നു. മൊത്തം വനിതാ മേഖലയിൽ 91 ലക്ഷം രൂപ വകയിരുത്തുന്നു.

കുടിവെള്ളം

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കുടിവെള്ളമില്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഫണ്ടിൽ നിന്നും പദ്ധതികൾക്കായി 55,35,500/- (അമ്പത്തിയഞ്ച് ലക്ഷത്തി മുപ്പത്തി അഞ്ചായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ വകയിരുത്തുന്നു.

ശുചിത്വം

ബ്ലോക്ക് പഞ്ചായത്തിലെ ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഫണ്ടിൽ നിന്നും 55,35,500/- (അമ്പത്തിയഞ്ച് ലക്ഷത്തി മുപ്പത്തി അഞ്ചായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ വകയിരുത്തുന്നു.

ശിശു-ഭിന്നശേഷി വികസനം, വൃദ്ധർ പാലിയേറ്റീവ് വിഭാഗം

കുട്ടികളുടെയും, ഭിന്നശേഷിക്കാരുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി ബ്ലോക്ക് പഞ്ചായത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 40 ലക്ഷം രൂപയും, സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുന്നതിനായി 30 ലക്ഷം രൂപയും, ഭിന്നശേഷി കുട്ടികളുടെ കലോത്സവത്തിനായി 1 ലക്ഷം രൂപയും, ബജറ്റിൽ വകയിരുത്തുന്നു. സാമൂഹ്യ സുരക്ഷാ വിഹിതമായി 5 ലക്ഷം രൂപയും പാലിയേറ്റീവ് വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനും, വയോജന സുരക്ഷയ്ക്കും അവരുടെ അവകാശ സംരക്ഷണത്തിനുമായി 34,06,890/- (മുപ്പത്തി നാല് ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയും വകയിരുത്തുന്നു.

പട്ടികജാതി/ പട്ടിക വർഗ്ഗ വികസനം

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 4,72,53,000/- (നാല് കോടി എഴുപത്തി രണ്ട് ലക്ഷത്തി അമ്പത്തി മൂന്നായിരം രൂപ മാത്രം) രൂപ നീക്കി വെക്കുന്നു. ഭവന നിർമ്മാണം, വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ്, സ്വയംതൊഴിൽ സംരംഭം, കുടിവെള്ള പദ്ധതി, പശ്ചാത്തല സൗകര്യ വികസനം, കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം, ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ തുടങ്ങിയവ ഈ മേഖലയിൽ ലക്ഷ്യമി

ടുന്നു. വൈത്തിരി താലൂക്ക് ആശുപത്രിയിൽ ട്രൈബൽ മേഖലയിലെ ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് 15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>വിദ്യാഭ്യാസ മേഖല</u>

പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്, പഠന മുറി, ഹോസ്റ്റൽ കെട്ടിട നവീകരണം, ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പഠനകായിക ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയ്ക്കായി 30 ലക്ഷം രൂപ വകയിരുത്തുന്നു.

<u>പശ്ചാത്തല മേഖല</u>

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയിൽ നിന്നും ഉൽപാദന മേഖലയ്ക്ക് 1,67,00,000/- (ഒരു കോടി അറുപത്തിയേഴ് ലക്ഷം രാപ മാത്രം) രൂപയും പശ്ചാത്തല മേഖലയ്ക്ക് 2,03,14,300/- (രണ്ട് കോടി മൂന്ന് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയും സേവന മേഖലയ്ക്ക് 6,38,44,700/- (ആറ് കോടി മുപ്പത്തി എട്ട് ലക്ഷത്തി നാൽപത്തി നാലായിരത്തി എഴുന്നൂറ് രൂപ മാത്രം) രൂപയും വകയിരുത്തിയിട്ടുണ്ട്. സമഗ്രമായ വികസനം ലക്ഷ്യമിട്ട് ഗ്രാമീണ റോഡുകളുടെ നിർമ്മാണം, നവീകരണം, പൊതുകെട്ടിടങ്ങൾ, മറ്റ് നിർമ്മിതികൾ, പാർശ്വ ഭിത്തി, പാലങ്ങൾ, കലുങ്ക്, നടപ്പാലങ്ങൾ എന്നിവയ്ക്കായി 10,08,59,000/- (പത്ത് കോടി എട്ട് ലക്ഷത്തി അമ്പത്തി ഒമ്പതിനായിരം രൂപ മാത്രം) രൂപ വകയിരുത്തുന്നു.

<u>മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ മേഖലയിൽ അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം പരമാവധി 100ദിവസത്തെ തൊഴിൽ ആവശ്യാധിഷ്ഠിതമായി നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ വളരെ ഗുണകരമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും, മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ഗ്രാമീണ മേഖലകളിലെ ആട്, കോഴി, പശു വളർത്തൽ തുടങ്ങിയ ഉപജീവന മാർഗ്ഗങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജലസേചന കിണർ, കുളം, എന്നിവയുടെ നിർമ്മാണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, നീരൊഴുക്ക് സംരക്ഷിക്കൽ, പി.എം.എ.വൈ ഭവന നിർമ്മാണത്തിന് തൊഴിൽ ദിനങ്ങൾ നൽകൽ, ഹരിതവൽക്കരണ

പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രവൃത്തികൾക്കായി 60 കോടി രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 9 പഞ്ചായത്തുകളിലായി നടപ്പിലാക്കി വരുന്നു.

ഓരോ ബജറ്റും ഓരോ തുടക്കമാണ്, തുടർച്ചയുമാണ്. പുതിയ കർമ്മ മണ്ഡലങ്ങളുടെ, വീക്ഷണങ്ങളുടെ തുടക്കം. പല അദ്ധ്യായങ്ങളുടെയും ആരംഭം. ഉത്തരവാദിത്വത്തോടെയും, അഭിമാനത്തോടെയും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ വെല്ലുവിളികൾ നാം ഓരോരുത്തരും ഏറ്റെടുത്തുകൊണ്ട് സുസ്ഥിരമായ വികസനത്തിലേക്കും, ശോഭനമായ ഭാവിയിലേക്കും ബ്ലോക്ക് പഞ്ചായത്തിനെ നയിക്കാൻ ഈ ബജറ്റിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് എന്നോടൊപ്പം നിന്ന ഭരണസമിതി അംഗങ്ങൾ, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡണ്ടുമാർ, അംഗങ്ങൾ, പൊതു പ്രവർത്തകർ, ആസൂത്രണ സമിതി അംഗങ്ങൾ, ഘടകസ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്തിലെയും ഘടക സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, ഏറ്റവും പ്രിയപ്പെട്ട ജനങ്ങൾ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് 2025-26 വർഷത്തെ ബജറ്റ് യോഗ സമക്ഷം സമർപ്പിക്കുന്നു.

(ഒപ്പ്)
ഫൗസിയ ബഷീർ
വൈസ് പ്രസിഡന്റ്
&
ചെയർ പേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

കൽപ്പറ്റ
05.03.2025

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

വാർഷിക ബജറ്റ് 2025-26

ധന സ്രോതസുകൾ

i	**മുൻബാക്കി**	**1554736**
ii	**തനത് ഫണ്ട്**	
	ടെണ്ടർ ഫോറം വില്പന	1,50,000
	വാടക	1,20,000
	ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	4,50,000
	ഫൈൻ	35,000
	പാഴ് വസ്തുക്കളുടെ വില്പന/ മറ്റ് വരവുകൾ	1,00,000
	ആകെ തനത് ഫണ്ട്	**8,55,000**
iii	**വിവിധ ഇനം ഗ്രാന്റുകൾ**	
	പൊതു ആവശ്യ ഫണ്ട്	88,67,000
	വികസന ഫണ്ട് (പൊതു വിഭാഗം)	5,36,06,000
	വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി)	1,53,88,000
	വികസന ഫണ്ട് (പട്ടിക വർഗ ഉപ പദ്ധതി)	3,18,65,000
	ധനകാര്യ കമ്മീഷൻ അവാർഡ്(അടിസ്ഥാന ഗ്രാന്റ്)	76,21,000
	ധനകാര്യ കമ്മീഷൻ അവാർഡ്(പ്രത്യേക ഉദ്ദേശ്യഗ്രാന്റ്)	1,14,31,000
	മെയിന്റനൻസ് ഫണ്ട് (റോഡിതരം)	2,27,11,000
	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	60,00,00,000
	പ്രധാനമന്ത്രി ആവാസ് യോജന–കേന്ദ്ര വിഹിതം	3,30,00,000
	കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം	5,75,70,000
	എം.എൽ.എ ഫണ്ട്	25,00,000
	എം.പി ഫണ്ട്	25,00,000
	സംസ്ഥാനാവിഷ്കൃത ഫണ്ട് (PMJANMAN)	1,74,00,000
	ഗ്രാമ/ജില്ല പഞ്ചായത്ത് വിഹിതം	75,90,264
	ആകെ വിവിധ ഇനം ഗ്രാന്റുകൾ	**87,20,49,264**
	ആകെ ധന സ്രോതസുകൾ	**87,44,59,000**

വാർഷിക ബജറ്റ് 2025-26		
ധന വിനിയോഗം		
V	**അനിവാര്യ ചെലവുകൾ**	
	ഓണറേറിയം, സിറ്റിംഗ് ഫീസ്, വേതനം, മറ്റുചെലവുകൾ	43,91,000
	ബാങ്ക് ചെലവ്	5,000
	മറ്റു ഭരണ ചെലവുകൾ	31,81,000
	ആകെ അനിവാര്യ ചെലവുകൾ	**75,77,000**
vi	**വികസന ക്ഷേമചെലവുകൾ**	
	കൃഷി, അനുബന്ധമേഖല	1,34,00,000
	മൃഗസംരക്ഷണം, ക്ഷീരവികസനം	76,00,000
	ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും	5,00,000
	സാക്ഷരത	2,00,000
	കല, സംസ്കാരം , യുവജനക്ഷേമം, വായന ശാല, റീഡിംഗ് റൂം	75,00,000
	പട്ടികജാതി /പട്ടിക വർഗ ക്ഷേമ പദ്ധതികൾ	99,00,000
	ശുചിത്വം	1,05,35,500
	കുടി വെള്ളം	55,35,500
	ഭവന നിർമ്മാണം	8,80,07,810
	ഭവന നിർമ്മാണം (പി.എം ജന്മൻ)	8,02,300
	ഭവന നിർമ്മാണം (ഗ്രാമ / ജില്ലാ പഞ്ചായത്ത് വിഹിതം)	75,90,264
	വൃദ്ധർ, കുട്ടികൾ, സാമൂഹ്യ ക്ഷേമം	1,32,00,000
	വനിതാ ക്ഷേമം	58,00,000
	വാഹനം	15,00,000
	പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗ്, മറ്റ് പ്ലാൻ ചെലവുകൾ	3,50,000
	ആരോഗ്യ മേഖല	2,07,27,736
	റോഡിതര ആസ്തികൾക്കു വേണ്ടിയുള്ള മെയിന്റനൻസ്	3,03,69,374
	ഐ.കെ.എം ന് പണം നല്കൽ	1,81,04,300
	ജംഗമ സ്വത്തുക്കൾ	1,50,000
	എം.പി/എം.എൽ.എ/കാലവർഷക്കെടുതി ഫണ്ടുകൾ	52,00,000
	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	60,00,00,000
	ശുചിത്വമിഷൻ ഫണ്ട്	55,00,000
	സദ്ഭരണം, തൊഴിൽ നൈപുണ്യ വികസനം, ഘടകസ്ഥാപനങ്ങളുടെ സേവന സൗകര്യം വർദ്ധിപ്പിക്കൽ	56,60,000
vii	ആകെ വികസന ക്ഷേമചെലവുകൾ	**86,53,40,374**
viii	**ഒട്ടാകെ ചെലവുകൾ**	**87,29,17,374**
	നീക്കിയിരിപ്പ്	**15,41,626**

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

2025 - 2026

സാമ്പത്തിക വർഷത്തെ ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 24.02.2025 തിയ്യതിയിലെ 1/24/02/25 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത്)

KALPETTA BLOCK PANCHAYATH

BUDGET FOR YEAR 2025-26

Particulars - ഇന വിവരം			Actuals for the year 2023-24 യഥാർത്ഥ കണക്ക് 2023-24	Revised Budget for the year 2024-25 പരിഷ്കരിച്ച ബജറ്റ് 2024-25	Budget for the year 2025-26 ബജറ്റ് 2025-26
A	Opening balance(net) - പ്രാരംഭ ബാക്കി	WS-1	6,710,671	6,391,427	1,554,736
B	a) Tax revenue - നികുതി വരുമാനം	BS-1	0	0	0
C	b) Non tax revenue - നികുതിയിതര വരുമാനം	BS-2	244,205	420,000	855,000
D	Total Own Fund - ആകെ തനത് ഫണ്ട്	(B+C)	244,205	420,000	855,000
E	c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട്	BS-3	5,301,900	7,917,000	8,867,000
F	Total -ആകെ	(D+E)	5,546,105	8,337,000	9,722,000
G	d) Other Grants(Plan) - മറ്റ് റവന്യു ഗ്രാന്റുകള്- പദ്ധതി ചെലവുകൾക്ക്	BS-4	103,081,212	760,688,000	730,557,700
H	e) Other Grants(Non-Plan) - മറ്റ് റവന്യു ഗ്രാന്റുകൾ-പദ്ധതിയേതര ചെലവുകൾക്ക്	BS-5	0	0	0
I	Toal Revenue Income - ആകെ റവന്യു വരവുകൾ	(F+G+H)	108,627,317	769,025,000	740,279,700
J	Capital Income - Loans -മൂലധന വരവ്- വായ്പ വാങ്ങൽ	BS-6	0	0	0
K	Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ	BS-7	3,688,914	8,500,000	134,179,300

L	Total Capital Income - ആകെ മൂലധന വരവുകൾ	(J+K)	3,688,914	8,500,000	134,179,300
M	Total Income - ആകെ വരവുകൾ	(I+L)	112,316,231	777,525,000	874,459,000
N	Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും	(M+A)	119,026,902	783,916,427	876,013,736
O	Revenue Expenditure-Statutory functions- റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക്	BS-8	5,204,512	9,320,947	7,577,000
P	Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ	BS-9	103,742,049	764,540,744	732,695,110
Q	Revenue Expenditure-Non-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകള്	BS-10	0	0	0
R	Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ	(O+P+Q)	108,946,561	773,861,691	740,272,110
S	Capital Expenditure -Loan repayments - മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ്	BS-11	0	0	0
T	Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ	BS-12	3,688,914	8,500,000	134,200,000
U	Total Capital Expenditure - ആകെ മൂലധന ചെലവുകൾ	(S+T)	3,688,914	8,500,000	134,200,000
V	Total Expenditure - ആകെ ചെലവുകൾ	(R+U)	112,635,475	782,361,691	874,472,110
W	Closing Balance - നീക്കി ബാക്കി	(N-V)	6,391,427	1,554,736	1,541,626

ജിപി എഫ് ഉൾപെടെയുള്ള തനതു വരുമാനം (B+C+E)	9,722,000
തനതു വരുമാനത്തിന്റെ (ജിപിഎഫ് ഉൾപ്പെടെ) 5% ല് കൂടുതല് നീക്കിയിരിപ്പ് ഉണ്ട്	

KALPETTA BLOCK PANCHAYATH

BUDGET FOR YEAR 2025-26

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
WS 1 OPENING BALANCE (NET = BS17+BS15+BS12 - BS2-B24-BS7-BS9)		6,710,671	6,391,427	1,554,736
INCOME				
BS-1-REVENUE INCOME-TAXES				
110	Total-Tax Revenue	0	0	0
BS-2—REVENUE INCOME-NON-TAX				
130	Rental Income from Panchayat Properties			
1301001	Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക	18,000	20,000	20,000
1303001	Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക	-	0	100,000
130	Total-Rental Income from Panchayat Properties	18,000	20,000	120,000
140	Fees & User Charges			
1401001	Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്	0	0	-
1402001	Penalties and Fines-ഫൈൻ	63,737	20,000	35,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
1404001	Miscellaneous Fees-മറ്റ് ഫീസുകൾ	500	0	
1405001	User Charges Collected-യൂസർ ചാർജ്	59	0	
140	Total-Fees & User Charges-	64,296	20,000	35,000
150	Sale & Hire Charges			
1501101	Sale of Forms-ഫാറം വില	9,590	5,000	150,000
1501201	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	21,566	20,000	75,000
1503001	Miscellaneous Sales--മറ്റ് വസ്തുക്കളുടെ വിൽപ്പന	0	0	25,000
1504001	Hire Charges of Vehicles-വാഹന വാടക	0	0	-
150	Total-Sale & Hire Charges	31,156	25,000	250,000
151	Receipts from Transferred Institutions			
151	Total-Receipts from Transferred Institutions	0	0	0
170	Income from Investments			
170	Total-Income from Investments	0	0	0
171	Interest Earned			

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
1711001	Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	130,132	325,000	450,000
171	Total-Interest Earned	130,132	325,000	450,000
180	Other Income			
1801001	Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത്	0	30,000	
1804001	Recovery from Employees-ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ	376	0	-
1808001	Miscellaneous Income	245	0	
180	Total-Other Income	621	30,000	0
	Total-Non tax revenue	244,205	420,000	855,000
BS-3-GENERALPURPOSEFUND				
1601005	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	5,301,900	7,917,000	8,867,000
	Total-General purpose fund	5,301,900	7,917,000	8,867,000
BS-4-REVENUEINCOMEPLANGRANTS				
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	6,264,304	565,600,000	540,000,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
3202001	**Development Fund - വികസന ഫണ്ട്**	82,749,846	131,488,000	103,821,700
3202003	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		42,600,000	4,600,000
3207002	Contributions for Joint Venture Projects (for Centrally Sponsored Scheme) -സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം-	14,067,062	21,000,000	82,136,000
320	**Total Revenue income Plan Grants**	103,081,212	760,688,000	730,557,700
BS-5-REVENUEINCOME-NONPLANGRANTS				
160	**Revenue Grants, Funds, Contributions & Compensations**			
160	**Total-Revenue Grants, Funds, Contributions & Compensations**	0	0	0
BS-6-CAPITALINCOME-LOANS				
330	**loans**			
330	**Total-loans**	0	0	0

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
BS-7Capitalincomeotherthanloans				
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		0	100,000,000
3202001	**Development Fund - വികസന ഫണ്ട്**	3,688,914	1,000,000	31,179,300
3202003	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും		7,500,000	3,000,000
320	**Total Capital income other than loans**	3,688,914	8,500,000	134,179,300
	TOTAL INCOME	112,316,231	777,525,000	874,459,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
EXPENDITURES				
BS-8-Revenue Expenditure-Mandatoryfunctions				
210	**Establishment Expenses**			
2101001	Salaries-ശമ്പളം	0	416,948	600,000
2101002	Wages-കൂലി	707,099	484,762	600,000
2101003	Bonus-ബോണസ്	0	0	6,000
2102001	Travelling Allowances-യാത്രാ ബത്ത	5,035	157,500	150,000
2102002	Other Benefits and Allowances-മറ്റ് ബത്തകൾ		1,263,737	20,000
2102003	Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം	1,599,494	1,800,000	2,500,000
2102004	Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	155,600	197,950	200,000
2102005	Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	276,835	288,000	315,000
210	**Total**	2,744,063	4,608,897	4,391,000
220	**Administrative Expenses**			
2201001	Rent-വാടക	0	0	200,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2201002	Rates-	419,241	50,000	
2201003	Taxes-നികുതി	0	166,000	
2201101	Office Maintenance-ഓഫീസ് ചെലവുകൾ	615,069	270,000	25,000
2201201	Communication Expenses-വാർത്താ വിനിമയ ചെലവുകൾ	76,830	115,000	100,000
2202001	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	13,120	4,000	6,000
2202101	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	49,605	72,000	200,000
2204001	Insurance and Registration-ഇന്ഷുറൻസ്/രജിസ്ട്രേഷൻ	12,537	50,000	75,000
2205101	Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ	5,000	10,000	50,000
2205201	Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകള്	29,489	32,000	
2206001	Advertisement & Publicity-പരസ്യവും പ്രചരണവും	15,494	20,000	85,000
2206101	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ	0	11,000	20,000
2207001	Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ	0	11,000	220,000
2207101	Extra - ordinary Expenses-അസാധാരണ ചെലവുകൾ	75,575	145,000	150,000
2208001	Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ	205,029	400,000	500,000
220	Total	1,516,989	1,356,000	1,631,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
230	Operations & Maintenance			
2301001	Power-വൈദ്യുതി/ഊർജം	525	1,050	350,000
2301002	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോള് , ഓയിൽ , ലൂബ്രിക്കന്റ്	195,525	350,000	400,000
2304001	Hire Charges-വാടക	19,042	400,000	400,000
2305009	Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	356,618	100,000	100,000
2305099	Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ	0	0	300,000
2308001	Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകള്	370,000	2,500,000	
230	Total	941,710	3,351,050	1,550,000
240	Interest & Finance Charges			
2407001	Bank Charges-ബാങ്ക് ചാർജ് നൽകല്	1,750	5,000	5,000
240	Total	1,750	5,000	5,000
	TOTAL STATUTORY EXPENDITURE	5,204,512	9,320,947	7,577,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
BS-9RevenueExpenditurePlan				
250	**Decentralised Plan Programme - Productive Sector**			
2501001	**Agriculture and Related Sectors - Paddy**-കൃഷിയും അനുബന്ധ മേഖലകളും -നെൽകൃഷി	3,925,000	4,500,000	3,500,000
2501003	**Agricultural Development Programs**-മറ്റ് കാർഷിക വികസന പരിപാടികള്	449,613	0	2,900,000
2501005	**Agriculture and Related Sectors - Dairy development**-കൃഷിയും അനുബന്ധ മേഖലകളും-ക്ഷീര വികസനം	0	0	6,500,000
2501025	**Agriculture and Related Sectors - Infrastructure**-കൃഷിയും അനുബന്ധ മേഖലകളും	0	0	500,000
2501026	**Agriculture and Related Sectors - Agriculture** Related Facilities-കൃഷിയും അനുബന്ധ മേഖലകളും-അനുബന്ധ സൌകര്യങ്ങൾ	435,205	0	0
2501041	**Animal Husbandry -Related Facility**-മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ	1,794,038	1,828,820	1,700,000
2501045	**Dairy Development -Fodder Grass**-ക്ഷീര വികസനം-തീറ്റപ്പുൽ കൃഷി	0	5,902,400	0
2501046	**Dairy Development -Storage and Marketing**-ക്ഷീര വികസനം-സംഭരണവും വിപണനവും	3,850,000	0	5,400,000
2501048	**Dairy Development -Infrastructure**-ക്ഷീര വികസനം-പശ്ചാത്തല സൌകര്യങ്ങൾ	0	0	500,000
2503001	**Small scale industries and Micro enterprises**-ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും	2,607,355	3,900,000	0
2503015	**Service Enterprises**-സേവന സംരംഭങ്ങൾ	0	0	500,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2503016	Market Promotion-വിപണന പ്രോത്സാഹന പരിപാടികൾ	0	1,000,000	0
250	Total-Decentralised Plan Programme - Productive Sector	13,061,211	17,131,220	21,500,000
251	Decentralised Plan Programme - Service Sector			
2510115	Literacy Equivalance Examination-സാക്ഷരത - തുല്യതാ പരീക്ഷ	89,600	200,000	200,000
2511004	Higher Secondary/Vocational Higher Secondary School Education-ഹയർ സെക്കണ്ടറി / തൊഴിൽ അധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം	1,299,912	0	0
2511008	Youth Welfare-യുവജനക്ഷേമം	150,000	150,000	1,250,000
2511009	Reading Rooms and Libraries-വായന ശാലകളും റീഡിംഗ് റൂമുകളും	394,439	7,590,000	0
2511010	Arts and Culture-കല-സംസ്കാരം	270,000	360,000	500,000
2511013	Education-Related Activities-വിദ്യാഭ്യാസ - അനുബന്ധ പ്രവർത്തനങ്ങള്	2,865,000	0	0
2511014	Financial Assistance for SC/ST Students For Higher Education Admission-പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധന സഹായം	100,000	0	250,000
2511019	Arts,Culture,Sports and Youth Welfare-Promotion-കല-സംസ്കാരം-സ്പോർട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ	0	0	500,000
2511020	Arts,Culture,Sports and Youth Welfare-Infrastructure-കല-സംസ്കാരം-സ്പോർട്സ്-യുവജനക്ഷേമം-പശ്ചാത്തല സൗകര്യങ്ങൾ	0	0	5,000,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2512001	**PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകൾ/ആസ്പത്രികൾ/ഡിസ്പന്സറികൾ**	7,471,846	2,317,364	3,000,000
2512002	**Public Health Programs -പൊതു ആരോഗ്യ പരിപാടികൾ**	496,673	96,455	5,000,000
2512003	**Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി**	4,261,727	0	0
2512004	**Medicines-മരുന്നുകൾ**	3,508,628	298,925	5,000,000
2512007	**Other Programs in Health Sector-മറ്റ് ആരോഗ്യ പദ്ധതികൾ**	0	0	5,000,000
2512008	**Drinking Water-കുടിവെള്ളം**	633,775	6,764,300	600,000
2512009	**Sanitation-ശുചിത്വം**	0	8,200,100	5,535,500
2512010	**Health Sub centers-ആരോഗ്യ ഉപകേന്ദ്രങ്ങൾ**	0	0	11,300,000
2512011	**Community Health Sub centers-കമ്മ്യുണിറ്റി ഹെൽത്ത് സബ് സെന്റർ**	0	0	6,111,000
2512012	**Taluk Hospitals Allopathy-താലൂക് ആസ്പത്രി-അലോപ്പതി**	0	0	2,000,000
2512025	**Drinking Water - Public-പൊതു കുടിവെള്ള വിതരണം**	1,569,722	0	0
2512026	**Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം**	2,464,860	0	5,000,000
2513001	**Housing-ഭവന നിർമാണം**	36,106,944	59,903,400	88,007,810

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2513005	**Programs for the Aged-**വൃദ്ധക്ഷേമ പരിപാടികൾ	0	2,289,380	1,100,000
2513006	**Programs for Physically/ Mentally Challenged-** ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികള്	4,290,189	5,400,000	1,200,000
2513008	**Total Poverty Alleviation Programs-**ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	0	550,000,000	500,000,000
2513009	**Women's Welfare Programs-**വനിതാ ക്ഷേമ പരിപാടി	0	8,000,000	5,800,000
2513010	**Special Programs for Scheduled Castes-**പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	0	1,550,000	7,400,000
2513011	**Special Programs for Scheduled Tribes -**പട്ടിക വർഗ ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	0	600,000	2,500,000
2513012	**Other Social Security Programs-**മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ	24,000	500,000	1,300,000
2514001	**Development Programs for Women and Children -**വനിതാ ശിശു ക്ഷേമ പരിപാടികൾ	0	0	9,100,000
2514002	**Special Child Welfare Program-**പ്രത്യേക ശിശുക്ഷേമ പരിപാടികൾ	0	0	700,000
2514102	**Other Nutrition Distribution Programme-**മറ്റ് പോഷകാഹാര പരിപാടികൾ	0	0	500,000
2516005	**General Economic Services- Plan Formulation, Monitoring and Evaluation-**പദ്ധതി രൂപീകരണം ,മോണിറ്ററിംഗ്	244,730	400,000	350,000
2516006	**General Economic Services- Good Governance -**സൽ ഭരണം	0	20,000	800,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2516007	General Economic Services- Computerisation of LSGIs and Transferred Institutions-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം	0	0	2,000,000
2516008	General Economic Services- Other Plan Expenditure-മറ്റ് പ്ലാൻ ചെലവുകൾ	45,000	0	0
2516102	Vocational Capacity Building - Institutional Development-തൊഴിൽ നൈപുണ്യ വികസനം - സ്ഥാപനങ്ങളുടെ വികസനം	0	0	360,000
2516501	Local Government Service Delivery Improvement	65,872	0	2,000,000
2516502	Transferred Institution Service Delivery Improvement- ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കല്	0	0	500,000
251	Total-Decentralised Plan Programme - Service Sector	66,352,917	654,639,924	679,864,310
252	Decentralised Plan Programme - Infrastructure Sector			
2522001	Roads-റോഡുകൾ	10,882,641	40,592,600	10,504,300
2522002	Lanes -ലയിനുകൾ	1,282,721	0	0
2522004	Culverts and Causeways -കലുങ്കുകളും ചപ്പാത്തുകളും	0	0	1,020,000
2522005	Foot Bridges-നടപ്പാലങ്ങൾ	0	0	2,021,000
2522006	Waiting Sheds and Bus Stands-ബസ് കാത്തിരുപ്പ് കേന്ദ്രങ്ങളും,ബസ് സ്റാന്റുകളും	483,909	0	0

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2522007	Vehicles-വാഹനങ്ങൾ	355,000	0	1,500,000
2522012	Other Programs in Infrastructure Sector-പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങള്	50,000	28,500,000	500,000
2523001	Public Buildings- പൊതു കെട്ടിടങ്ങൾ	2,800,192	0	500,000
2523102	Other Constructions - Side Walls-മറ്റ് നിർമിതികൾ-പാർശ്വ ഭിത്തി	1,529,155	250,000	7,500,000
252	Total	17,383,618	69,342,600	23,545,300
253	Projects not included in Sector Division			
2531001	Drinking Water related Projects-കുടിവെള്ളം-അനുബന്ധ പ്രൊജെക്ടുകൾ	119,651	750,000	5,535,500
2531005	Solid Waste Management Programs under Total Sanitation Campaign-സമ്പൂർണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള ഖര മാലിന്യ പരിപാലന പരിപാടി	0	0	200,000
2531011	Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം	0	0	200,000
2531012	Payments to IKM-ഐ.കെ.എംനുള്ള പണം നൽകല്	1,607,154	115,000	150,000
253	Total-Projects not included in Sector Division	1,726,805	865,000	6,085,500
255	Maintenance Projects			
2551001	Maintenance Projects - Road Assets-റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ	4,546,494	120,000	0

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2552005	**Maintenance Projects - Non Road Assets- Transferred Institutions - Social Welfare-**റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം	480,350	0	0
2552006	**Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries)** റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി/ഡിസ്പെൻസറി -അലോപ്പതി	0	14,842,000	1,700,000
2552017	**Maintenance Projects - Non Road Assets- Other Transferred Assets--**റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ആസ്തികൾ	190,654	7,600,000	0
255	**Total**	**5,217,498**	**22,562,000**	**1,700,000**
256	**Other Revenue Grants and funds**			
256	**Other Revenue Grants and funds**	0	0	0
260	**Grants, Contributions and Compensations from Own Fund**			
260	**Grants, Contributions and Compensations from Own Fund**	0	0	0
BS12CAPITALEXPENDITUREOTHERTHANLOANS				
4102001	Buildings	1,188,192	0	9,000,000
4103001	Roads		0	15,000,000
4103003	Culverts, Bridges & Other constructions		0	30,000,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
4104001	Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.)	1,289,778	0	30,000,000
4105001	Irrigation		0	40,000,000
4107001	Waste Treatment		7,500,000	5,000,000
4107101	Movable Assets	1,210,944	1,000,000	1,500,000
4108001	Other Fixed Assets		0	3,700,000
410	Total	3,688,914	8,500,000	134,200,000
	TOTAL PLAN REVENUE EXPENDTURE	103,742,049	764,540,744	732,695,110
	TOTAL PLAN CAPITAL EXPENDITURE	3,688,914	8,500,000	134,200,000
TOTALPLANEXPENDITURE		107,430,963	773,040,744	866,895,110
BS-10-RevenueExpenditure-BFUND&STATESPONSOREDSCHEMES				
254	Expenditures of Transferred Institutions (not included under Decentralised Plan Programme)			
254	Total-Expenditures of Transferred Institutions (not included under Decentralised Plan Programme)	0	0	0

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
BS-11CAPITALEXPENDITURE-LOANREPAYMENTS				
330	Loans			
	Total-loans	0	0	0
	TOTAL EXPENDITURE	112,635,475	782,361,691	874,472,110
	CLOSING BALANCE	6,391,427	1,554,736	1,541,626

BS-13- RECEIPT AND REFUND OF DEPOSIT (ഡപോസിറ്റ് വരവും, മടക്കി നല്കലും)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Budget Estimates 2025-26 (ബജറ്റ്-2025-26) വരവ്	Budget Estimates 2025-26 (ബജറ്റ്-2025-26) മടക്കി നൽകല്
340 10 01	**Earnest Money Deposit**-നിരതദ്രവ്യം	20,000	20,000
340 10 02	**Security Deposit**-സെക്യൂരിറ്റി നിക്ഷേപം	40,000	40,000
340 10 03	**Retention**-റിടെന്ഷൻ	400,000	400,000
340 10 99	**Other Deposits**-മറ്റ് നിക്ഷേപങ്ങൾ	0	0
340 20 01	**Deposits-Revenue**-റവന്യൂ നിക്ഷേപങ്ങൾ	0	0
340 30 01	**Deposits Received From Staff**-ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ	0	0
340 80 01	**Deposit Received from Others**-മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ	0	0
350 11 01	**Employee Liabilities –**ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ	0	0
350 20 01	**Recoveries Payable -**റിക്കവറികൾ അടവാക്കനുള്ളത്	0	0
350 20 02	**Recoveries Payable - Deductions FROM WORK BILLS**-വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികള് അടവാക്കനുള്ളത്	0	0
350 30 01	**Government and Other Dues Payable**-സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ	0	0
110	**Total ആകെ**	460,000	460,000

നന്ദി

- വികസന പ്രവർത്തനങ്ങളിൽ കൈത്താങ്ങായി കൂടെ നിന്ന ഭരണസമിതി അംഗങ്ങൾക്ക്
- നാടിന്റെ നന്മയ്ക്കായി നിർദ്ദേശങ്ങൾ നൽകിയ പൊതുപ്രവർത്തകർക്ക്
- സാധ്യതകളും നിർദ്ദേശങ്ങളും വികസനത്തിനായി ഒരുക്കിയെടുത്ത കർമ്മ സമിതി അംഗങ്ങൾക്ക്
- വികസന നിർദ്ദേശങ്ങൾ പ്രാബല്യത്തിലെത്തിച്ച ഉദ്യോഗസ്ഥർക്ക്
- ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമ പ്രവർത്തകർക്ക്
- സർവ്വോപരി സർവ്വവികസനത്തിന്റെയും ലക്ഷ്യവും പ്രായോജകരുമായ പ്രിയപ്പെട്ട ജനങ്ങൾക്ക്

നന്ദിയോടെ,

ഫൗസിയ ബഷീർ
വൈസ് പ്രസിഡന്റ്
&
ചെയർ പേഴ്സൺ,
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്